**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **12-10-2021 - ൽ മറുപടിയ്ക്ക്**

**പുതു പ്രവാസി നിക്ഷേപകർക്ക് ഒരു പൊതു പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിരവധി സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ സന്നദ്ധരായി കോവിഡാനന്തരം തിരിച്ചെത്തുന്ന പ്രവാസികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ) | കോവിഡാനന്തരം തിരിച്ചെത്തിയ പ്രവാസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി “NRK Data Portal” എന്ന സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഇതിലേക്ക് വിവരങ്ങൾ രേഖപ്പെടുത്താനാകും. 2821 പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തങ്ങളുടെ കൈവശമുള്ള ആസ്തികൾ, മൂലധനം, ആശയങ്ങൾ എന്നിവ മറ്റ് സംരംഭകരുമായി പങ്കുവയ്ക്കുന്നതിനുള്ള താത്പര്യവും ഇവർ പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ NORKA Business Facilitation Center എന്ന ഏകജാലക സംവിധാനവും നിലവിലുണ്ട്. പ്രവാസി വ്യവസായികൾക്ക് നിക്ഷേപ സാധ്യതകളെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുക, നിക്ഷേപം ക്ലിയറൻസുകൾ ഇവ സംബന്ധിച്ച് ഉപദേശങ്ങൾ, പ്രവാസി നിക്ഷേപ സംഗമങ്ങൾ, ട്രെയിനിങ് പ്രോഗ്രാം വർക്ക്ഷോപ്പ് ജി2ബി, ബി2ബി മീറ്റുകൾ എന്നിവ ഈ സംവിധാനം വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ